**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2569** **07.10.2016 ൽ മറുപടിയ്ക്ക്**

## ഗോശ്രീ ബസ്സുകൾ

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഗോശ്രീബസുകളുടെ കൊച്ചി നഗരപ്രവേശനത്തിന് നിലവിലുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ; | (എ) | 2004-ൽ ഗോശ്രീപാലം നിലവിൽ വന്നതോടുകൂടിയാണ് പറവൂർ ഭാഗത്തുനിന്നും വരുന്ന സ്വകാര്യ ബസ് സർവ്വീസുകൾ പൊതുജന താല്പര്യാർത്ഥം ഹൈക്കോടതി ജംഗ്ഷൻ വരെ ദീർഘിപ്പിച്ചത്. അതിനു മുമ്പ് വൈപ്പിൻ ബസ് സ്റ്റാൻഡ് വരെ മാത്രമേ സർവ്വീസ് ഉണ്ടായിരുന്നുള്ളൂ.അതിനുശേഷം ടി ബസ്സുകളുടെ സർവ്വീസ് BTH ജംഗ്ഷൻ, വൈറ്റില മൊബിലിറ്റി ഹബ്ബ് എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് ധാരാളം അപേക്ഷകളും നിവേദനങ്ങളും ലഭിക്കുകയുണ്ടായി. ടി അപേക്ഷകളും നിവേദനങ്ങളും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി പരിഗണിച്ചുവെങ്കിലും, വിശദമായ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം താഴെപ്പറയുന്ന തടസ്സങ്ങൾ മൂലം അവയെല്ലാം നിരസിക്കുകയുണ്ടായിട്ടുള്ളത്.<br>1. വാഹനപ്പെരുപ്പം മൂലം വീർപ്പുമുട്ടുന്ന കൊച്ചി നഗരത്തിലേക്ക് കൂടുതൽ ബസ്സുകൾ പ്രവേശിച്ചാൽ ഗതാഗത പ്രശ്നങ്ങൾ നിയന്ത്രണാതീതമാകുമെന്ന സിറ്റി പോലീസ് കമ്മീഷണറുടെ റിപ്പോർട്ട്.<br>2. കൊച്ചി നഗരത്തിലെ BTH ജംഗ്ഷൻ വരെയുള്ള റോഡുകൾ (3KM) (മേനക, ഷൺമുഖറോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ് ജോസ് ജംഗ്ഷൻ വഴി) ദേശസാത്കൃത റൂട്ടുകളുടെ ഭാഗങ്ങളായതിനാൽ ടി റൂട്ടുകളിൽ കൂടി സർവ്വീസ് അനുവദിക്കുന്നത് സർക്കാർ ഉത്തരവുകളുടെയും സുപ്രീം കോടതി, ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമാകും. |

| | | | |
|---|---|---|---|
| | | | 3. ദേശസാത്കൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള ശക്തമായ എതിർപ്പ്<br>4. BTH ജംഗ്ഷനിലെ പാർക്കിംഗ് സൗകര്യത്തിന്റെ അഭാവം.<br>5. BTH ജംഗ്ഷനിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ പമ്പിംഗ് സ്റ്റേഷൻ, ടാങ്കുകളുടെ ഓയിൽ ബർത്ത് തുടങ്ങിയവ സ്ഥിതി ചെയ്യുന്നതുകൊണ്ടുള്ള സുരക്ഷാ പ്രശ്നം<br>തുടർന്നും നിരവധി നിവേദനങ്ങൾ ഇക്കാര്യമുന്നയിച്ചുകൊണ്ടും, വൈപ്പിൻ ഭാഗത്തു നിന്നുള്ള ബസ്സുകൾ വൈറ്റില മൊബിലിറ്റി ഹബ്ബ് വരെ ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക ലഭിച്ചുവെങ്കിലും നിയമ തടസ്സമുള്ളതു കൊണ്ടും മോട്ടോർ വാഹന നിയമപ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുത്ത തീരുമാനം പുനപരിശോധിക്കുന്നതിന് അതേ അതോറിറ്റിക്ക് അധികാരം ഇല്ലാത്തതിനാലും ടി ആവശ്യം അനുവദിക്കുന്നത് റൂട്ട് ദേശസാൽക്കരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും ബന്ധപ്പെട്ട സുപ്രീംകോടതി/ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമായതിനാലും നഗരത്തിലെ ഗതാഗതക്കുരുക്കും, സുരക്ഷാ പ്രശ്നവും വർദ്ധിക്കുമെന്നതിനാലും ആയവ നിരുപാധികം നിരസിക്കുകയുണ്ടായി.<br>എറണാകുളം നഗരത്തിലെ റോഡുകൾ ദേശസാത്കൃത റൂട്ടുകളിൽ ഉൾപ്പെടുന്നതിനാൽ സ്വകാര്യ ബസ്സുകൾക്ക് ടി റൂട്ടുകളിൽക്കൂടി സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് അനുവദിക്കാൻ നിയമം അനുവദിക്കുന്നില്ല. ആയതിന്റെ വെളിച്ചത്തിൽ പൊതുജന താൽപര്യം മുൻനിർത്തി കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഗോശ്രീ പാലം വഴി വൈപ്പിനിലേക്കും തിരിച്ച് എറണാകുളം നഗരത്തിലേക്കും സർവ്വീസ് നടത്തുന്നതിന് 20(ഇരുപത്) കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് സ്ഥിര പെർമിറ്റ് അനുവദിക്കുകയുണ്ടായി. അതുമൂലം ജനങ്ങളുടെ യാത്രാക്ലേശം ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവ് പ്രാബല്യത്തിലുണ്ടോ; വിശദമാക്കുമോ; | (ബി) | വൈപ്പിൻ ഭാഗത്തു നിന്നുള്ള സ്വകാര്യ ബസ്സുകൾ കൊച്ചി നഗരത്തിലേയ്ക്ക് പ്രവേശനം അനുവദിയ്ക്കുന്നത് സംബന്ധിച്ച് വിവിധ സംഘടനകളും വ്യക്തികളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 22047/2006, 5190/2011 എന്നീ റിട്ട് പെറ്റീഷനുകളിൽ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനം എടുക്കുന്നതിന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. നിയമ തടസ്സം ഉള്ളതിന്റെ പേരിൽ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി ടി പെറ്റീഷനുകളിലെ ആവശ്യം നിരസിയ്ക്കുകയും റിട്ട് പെറ്റീഷൻ 5190/2011 ലെ 07.03.2013 ലെ അന്തിമ വിധി പ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനത്തിന്റെ വെളിച്ചത്തിൽ പരാതിക്കാരുടെ ആവശ്യം ബഹു.കോടതി തള്ളിക്കളയുകയും ചെയ്തിരുന്നു. ദേശസാത്കൃത റൂട്ടുകളിൽ/ഭാഗങ്ങളിൽ നിയമ വിധേയമല്ലാതെ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് അനുവദിയ്ക്കരുതെന്ന് സൂചിപ്പിച്ച് വിവിധ കോടതി ഉത്തരവുകൾ നിലവിലുണ്ട്. കൂടാതെ നാഷണലൈസ്ഡ് സ്കീമിലെ clause 5(c) മറികടന്ന് യാതൊരുവിധ പെർമിറ്റുകളും സ്വകാര്യ ബസ് ഓപ്പറേറ്റർമാർക്ക് നൽകുവാൻ പാടില്ലായെന്ന് ബഹു.ഹൈക്കോടതി ഡിവിഷൻബഞ്ച് W.A/1957/2012 എന്ന കേസിൽ ഉത്തരവായിട്ടുള്ളതാണ്. |
| (സി) | ഗോശ്രീബസ്സുകളുടെ കൊച്ചി നഗരപ്രവേശനം സാധ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വിശദമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ